## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.49 10/06/2014-ലെ മറുപടിക്ക്

### ധനകാര്യ മാനേജ്മെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>" കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി. കെ.എസ്.സലീഖ<br>" പി.അയിഷാ പോറ്റി | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| ചോദ്യം | മറുപടി |
| (എ) മുൻ ധനകാര്യ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ 14-ാം ധനകാര്യ കമ്മീഷനിൽ നിന്നും സംസ്ഥാനത്തിനു പ്രത്യേക ഗ്രാന്റുകൾ ലഭിക്കുന്നതിനു സാദ്ധ്യതയില്ലെന്ന വാർത്തകൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 2014 ഒക്ടോബറോടു കൂടി മാത്രമേ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുള്ളൂ. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ഗ്രാന്റുകൾ ലഭിക്കുന്നതിന് ധന ഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇതനുസരിച്ച് ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ധന ദൃഢീകരണ പാതയ്ക്കനുസൃതമായി ധന ഉത്തരവാദിത്വ നിയമം 2011-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാരണത്താൽ 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിനായി ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ഗ്രാന്റുകൾ ലഭിക്കുന്നുണ്ട്. 14 - ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിനുള്ള പ്രത്യേക ഗ്രാന്റുകൾ നിഷേധിക്കുന്നതിനുള്ള സാഹചര്യമുള്ളതായി സർക്കാർ കരുതുന്നില്ല. |
| (ബി) അനുവദനീയമായതിലും കൂടുതൽ തുക ഇതിനകം വായ്പയെടുക്കേണ്ട സാഹചര്യം സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; | ഇല്ല. |

| | |
|---|---|
| (സി) ധനകാര്യ മാനേജ്മെന്റിന്റെ പോരായ്മയാണ് ഈ സ്ഥിതിയിലേയ്ക്ക് എത്തിച്ചതെന്ന പരാതിയിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ബി ) പ്രകാരം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ